**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയം ഭരണ വകുപ്പ് - പിണറായി ഗ്രാമ പഞ്ചായത്തിലെ കൺവെൻഷൻ സെന്ററിന് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിന് പിണറായി വില്ലേജിലെ റീസ.7/1 (7/6) ൽപ്പെട്ട 0.7069 ഹെക്ടർ സ്ഥലം 2013 ലെ ലാന്റ് അക്വിസിഷൻ ആക്ട് മുഖേന ഏറ്റെടുക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3142/18/ത.സ്വ.ഭ.വ — തിരുവനന്തപുരം, തീയതി, 14.12.2018.

---

പരാമർശം - 1) പിണറായി ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 05.07.2018 ലെ 7/277/2018(1) നമ്പർ തീരുമാനം.

2) പിണറായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.08.2018 ലെ എ 1/1010/18-ാം നമ്പർ കത്ത്

3) പഞ്ചായത്ത് ഡയറക്ടറുടെ 26.04.2018 ലെ സി2-12773/18 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പിണറായി ഗ്രാമ പഞ്ചായത്തിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കൺവെൻഷൻ സെന്ററിന് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിന് കൺവെൻഷൻ സെന്ററിനോട് ചേർന്ന് കിടക്കുന്നതും പിണറായി വില്ലേജിലെ റീസ.7/1 (7/6) ൽപ്പെട്ടതുമായ 0.7069 ഹെക്ടർ സ്ഥലം 2013 ലെ ലാന്റ് അക്വിസിഷൻ ആക്ട് മുഖേന ഏറ്റെടുക്കുന്നതിന്, പരാമർശം (1) പ്രകാരം പിണറായി ഗ്രാമ പഞ്ചായത്ത് തീരുമാനിക്കുകയുണ്ടായി. സ്ഥലമേറ്റെടുക്കുന്നതിനുള്ള സർക്കാർ അനുമതിക്കായി, പിണറായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ, പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) കത്തിനോടൊപ്പം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പിണറായി ഗ്രാമ പഞ്ചായത്തിൽ റീസ 7/1 ൽ പ്പെട്ട 2 ഏക്കർ സ്ഥലത്ത് നിർമ്മാണ പ്രവൃത്തി പൂർത്തിയായി വരുന്ന കൺവെൻഷൻ സെന്ററിന്റെ അനുബന്ധ സൗകര്യമൊരുക്കുന്നതിന് അധിക സ്ഥലം ആവശ്യമായതിനാൽ പിണറായി വില്ലേജിലെ റീസ.7/1 (7/6) ൽപ്പെട്ട 0.7069 ഹെക്ടർ സ്ഥലം 2013 ലെ ലാന്റ് അക്വിസിഷൻ ആക്ട് മുഖേന ഏറ്റെടുക്കുന്നതിന് പിണറായി ഗ്രാമപഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

മുഹമ്മദ് റിയാസ്

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, പിണറായി ഗ്രാമപഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ